വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : ബഹുമാനപ്പെട്ട അംഗം പറഞ്ഞ അഭിപ്രായത്തോട് പൂർണ്ണമായി യോജിക്കുകയാണ്. ഒരു വിദഗ്ദ്ധ സമിതി ഇതു സംബന്ധിച്ച് പഠിച്ച് നൽകിയിട്ടുള്ള ശുപാർശകളും ഇത്തരത്തിലുള്ളതാണ്. എന്നാൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അനുമതിയോടുകൂടി മാത്രമേ ഇത്തരത്തിലൊരു മാറ്റം വരുത്താൻ കഴിയുകയുള്ളൂ. അവരുടെ അനുമതിക്കുവേണ്ടി അഭ്യർത്ഥിച്ചപ്പോൾ അവർ പറഞ്ഞത് നിയമസഭ ഇതു സംബന്ധിച്ച് ഒരു നിയമ ഭേദഗതി കൊണ്ടുവന്ന് പാസ്സാക്കിയതിനു ശേഷം ഞങ്ങൾക്ക് അയച്ചു തരിക. അപ്പോൾ ഞങ്ങൾ അത് പരിശോധിച്ച് തീരുമാനമെടുക്കാമെന്നാണ്. ഒരു വർഷത്തെ താമസമേ ഉണ്ടാകുകയുള്ളൂ. ഈ നടപടിക്രമം നമുക്ക് പാലിക്കാനാകും.

(15) സ്മാർട്ട് കാർഡ് പ്രകാരമുള്ള ആനുകൂല്യങ്ങൾ

ശ്രീ. സാജുപോൾ: സർ, സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ സ്മാർട്ട് കാർഡ് പ്രകാരമുള്ള ആനുകൂല്യങ്ങൾ കോതമംഗലം, പെരുമ്പാവൂർ, അങ്കമാലി, മൂവാറ്റുപുഴ തുടങ്ങിയ സ്ഥലങ്ങളിൽ ഒരു ആശുപത്രികളിലും ലഭിക്കുന്നില്ല. ഈ കാർഡ് കൊണ്ടുചെന്നാൽ സ്മാർട്ട് ആകുന്ന സ്ഥിതി ഇപ്പോഴില്ല. ജില്ലാ തലത്തിലുള്ള ആശുപത്രികൾ ഒഴിച്ച് മറ്റ് സ്ഥലങ്ങളിൽ കിട്ടാത്ത സാഹചര്യം നിലനിൽക്കുന്നതിനാൽ അത് എല്ലാ ആശുപത്രികളിലും ലഭ്യമാക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

എക്സൈസും തൊഴിലും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പു മന്ത്രി (ശ്രീ. എളമരം കരീം): സംസ്ഥാനത്ത് യുണൈറ്റഡ് ഇൻഡ്യാ ഇൻഷ്വറൻസ് കമ്പനി മുഖാന്തിരമാണ് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിവരുന്നത്. തേർഡ് പാർട്ടി അഡ്മിനിസ്ട്രേറ്റർ വഴിയാണ് ഇൻഷ്വറൻസ് പദ്ധതിയിൽ ആശുപത്രി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നത്. രണ്ടാം വർഷ എൻറോൾമെന്റ് നടപടികൾ 2010 സെപ്തംബർ വരെ നീണ്ടുപോയതിനാലും ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, വയനാട് കണ്ണൂർ, കാസർകോട് ജില്ലകളിൽ ഈ വർഷം പുതിയ ടി.പി.എ. മാരെ നിയമിച്ചതുമൂലവും ആശുപത്രികളുമായുള്ള ഇടപാടുകൾ പൂർത്തിയാക്കുന്നതിൽ കാലതാമസം വന്നു. ക്രമക്കേടുകൾ കണ്ടെത്തിയതിനെത്തുടർന്ന് ചില ആശുപത്രികളെ ഒഴിവാക്കി. ചില ആശുപത്രികൾ പദ്ധതിയിൽനിന്നും സ്വയം പിൻവാങ്ങി. ഈ കാരണങ്ങളാൽ ഈ വർഷം ആദ്യ മാസങ്ങളിൽ സ്മാർട്ട് കാർഡ് പ്രകാരമുള്ള ആനുകൂല്യങ്ങൾ ഉദ്ദേശിച്ച രീതിയിൽ ലഭ്യമാകാതെ വന്നു. എന്നാൽ സർക്കാർ തലത്തിൽ പദ്ധതി നടപ്പിലാക്കുന്ന ഏജൻസിയായ ചിയാക് നടത്തിയ നിരന്തര ഇടപെടലുകളുടെ ഫലമായി സ്മാർട്ട് കാർഡ് പ്രകാരമുള്ള ആനുകൂല്യങ്ങൾ ഇപ്പോൾ 128 സ്വകാര്യ ആശുപത്രികളിലൂടെയും 142 സർക്കാർ ആശുപത്രികളിലൂടെയും നൽകിവരുന്നുണ്ട്. കൂടുതൽ ആശുപത്രികളെ പദ്ധതിയിൽ കൊണ്ടുവരാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. പരിയാരം സഹകരണ മെഡിക്കൽ കോളേജ്, സൂപ്പർ സ്പെഷ്യാലിറ്റി ഫെസിലിറ്റിയുള്ള അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്

LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ സയൻസസ് എന്നിവയെ പുതുതായി പദ്ധതിയിൽ ഉൾപ്പെടുത്തിക്കഴിഞ്ഞു. ഈ വർഷം നവംബർ മുപ്പതുവരെ 2,04,940 പേർക്ക് 63,90,98,698 രൂപയുടെ സൗജന്യ ചികിത്സ നൽകി കഴിഞ്ഞു. ഇതിൽ 27,98,68,242 കോടി രൂപ സർക്കാർ ആശുപത്രികൾക്കു നൽകിയ ചികിത്സ തുകയും 35,95,37,456 കോടി രൂപ പ്രൈവറ്റ് ആശുപത്രികൾക്ക് നൽകിയ ചികിത്സ തുകയുമാണ്. 31-3-2011 ആകുമ്പോഴേയ്ക്കും ഏകദേശം 3,37,000 കുടുംബങ്ങൾക്ക് 130 കോടി രൂപയുടെ സൗജന്യ ചികിത്സ ലഭ്യമാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(18) വൈദ്യുതി പോസ്റ്റുകളുടെ അഭാവം

<u>ശ്രീ. പി. കെ. അബ്ദുറബ്ബ്</u>: സർ, വൈദ്യുതി പോസ്റ്റുകളുടെ അഭാവം മൂലം മലപ്പുറം ജില്ലയിലെ കെ.എസ്.ഇ.ബി. യുടെ പ്രവർത്തനങ്ങൾക്ക് വളരെ കാലതാമസം നേരിടുകയും സ്തംഭനാവസ്ഥയിലായിരിക്കുകയുമാണ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് എം.എൽ.എ.മാരുടെ നേതൃത്വത്തിൽ നടക്കുന്ന സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയാണ്. ഈ പദ്ധതി അനൗൺസ് ചെയ്ത സമയത്താണ് മങ്കട മണ്ഡലത്തിൽ പ്രവർത്തനങ്ങൾ തുടങ്ങിയത്. അതു മാത്രമാണ് ഏതാനും മാസങ്ങൾക്കു മുമ്പ് പൂർത്തിയായത്. ഇപ്പോൾ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന മലപ്പുറം കൊണ്ടോട്ടിയിലും അതുപോലെ പെരിന്തൽമണ്ണ മണ്ഡലങ്ങളിൽ 25-30 ശതമാനം പ്രവൃത്തികൾ മാത്രമേ ഇതുവരെ നടന്നിട്ടുള്ളൂ. താനൂരും മഞ്ചേരി മണ്ഡലത്തിലും പണമടച്ച് കാത്തിരിക്കുകയാണ്. ഇതിന്റെ പ്രധാനപ്പെട്ട പ്രശ്നം മലപ്പുറം ജില്ലയിൽ വൈദ്യുതി പോസ്റ്റുകൾ ലഭിക്കുന്നില്ല എന്നുള്ളതാണ്. വൈദ്യുതി പോസ്റ്റുകൾ നിർമ്മിക്കുന്ന രണ്ട് യൂണിറ്റുകൾ മലപ്പുറം ജില്ലയിലുണ്ടായിരുന്നു. ഒന്ന് വണ്ടൂർ. വണ്ടൂരിൽ നിർമ്മിച്ച പോസ്റ്റുകൾ ഗുണനിലവാരമില്ലാത്തതാണെന്നതിന്റെ പേരിൽ അത് സ്വീകരിക്കപ്പെടാതിരിക്കുകയും അവിടെ ആ പ്രവർത്തനം നിലയ്ക്കുകയും ചെയ്തിരിക്കുകയാണ്. കുറ്റിപ്പുറത്ത് വലിയ റേറ്റ് വേണമെന്നുള്ള അവിടത്തെ സ്ഥാപന ഉടമയുടെ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ അവിടേയും കുറേ കാലമായി പോസ്റ്റ് നിർമ്മാണം നടക്കുന്നില്ല. ചുരുക്കത്തിൽ മലപ്പുറം ജില്ലയിൽ രണ്ട് പോൾകാസ്റ്റിംഗ് യൂണിറ്റുകൾ പ്രവർത്തനരഹിതമാണ്. പാലക്കാട് ജില്ലയിൽനിന്നൊക്കെയാണ് ഇപ്പോൾ പോസ്റ്റുകൾ വന്നു കൊണ്ടിരിക്കുന്നത്. ഓരോ മണ്ഡലത്തിലേയും സമ്പൂർണ്ണ വൈദ്യുതീകരണത്തിനു വേണ്ടി ആയിരക്കണക്കിന് പോസ്റ്റുകൾ ആവശ്യമാണ്. പോസ്റ്റുകൾ കിട്ടാത്തതു കൊണ്ട് ആ പ്രവർത്തനങ്ങളെല്ലാം തന്നെ മുടങ്ങിക്കിടക്കുന്ന ഒരു അവസ്ഥയുണ്ട്. 2010 മാർച്ച് മാസം വരെയുള്ള സി.ഡി അടച്ചിട്ടുള്ള അഞ്ച് പോസ്റ്റുകൾ വരെയുള്ള മുഴുവൻ ആളുകൾക്കും വൈദ്യുതി കൊടുക്കുവാൻ കെ.എസ്.ഇ. ബോർഡ് ഉത്തരവിട്ടിട്ടുണ്ട്. അടുത്ത ജില്ലകളിലെല്ലാം അത് നടക്കുന്നുണ്ട്. കാരണം പോസ്റ്റ് അവിടെയുണ്ടെന്നുള്ളതുകൊണ്ട് വൈദ്യുതീകരണം നടക്കുന്നുണ്ട്. പക്ഷേ മലപ്പുറം ജില്ലയിൽ ഇപ്പോഴും 2009 മാർച്ച് മാസംവരെയുള്ളത് മാത്രമേ കൊടുക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. ഒന്നരക്കൊല്ലത്തോളമുള്ള ബാക്ക്‌ലോഗ് അവിടെ കിടക്കുകയാണ്. അതുപോലെതന്നെ വൈദ്യുതി ബോർഡ് അവരുടെ സ്വന്തം നിലയിൽ ഉണ്ടാക്കുന്ന വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തി

LIBRARY ARCHIVES Kerala Legislative Assembly